Cranganur-Karupadana boat service.

518. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂർ കരുപ്പടന്ന ബോട്ടുസർവ്വീസ്സ് നടത്തുന്നതിലേക്കു ഗവൺമെണ്ടു് ഏതെങ്കിലും ബോട്ടുകമ്പനിക്കാരുമായി കരാറുചെയ്യുകയൊ ആ ലോചന നടത്തുകയൊ ചെയ്തിട്ടുണ്ടൊ എന്നു സദയം പറയുമൊ;

(b) ഉണ്ടെങ്കിൽ ആ വിവരം അറിയിക്കുമൊ?

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—

(a) ഇല്ല.

(b) എ. നോക്കുക.

Methala Panchayat.

519. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) മേത്തല ഗ്രൂപ്പ പഞ്ചായത്തിൽ അഴീക്കോടിന്റെ പ്രാതിനിധ്യം വഹിയ്ക്കുവാൻ ആരെയാണു നോമിനേറുചെയ്തിട്ടുള്ളതെന്നു ദയവുചെയ്തു പറയാമൊ;

(b) ആ മെമ്പർ പ്രസ്തുത വില്ലേജിനോടു ഏതെങ്കിലും വിധത്തിൽ സംബന്ധമുള്ള ആളാണൊയെന്നു സദയം അറിയിക്കുമൊ;

(c) ആ മെമ്പറിന്റെ ജാതിയിൽപെട്ട ഏതെങ്കിലും ഒരാൾ ടി വില്ലേജിൽ നിവസിക്കുന്നുണ്ടൊ എന്നു പറയാമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) മിസ്റ്റർ വടക്കേരി തയ്യമ്പിൽ ഗോപാലമേനോനെയാണു് നിയമിച്ചിട്ടുള്ളതു്.

(b) അതെ.

(c) അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ബി. ഏതുവിധത്തിലുള്ള ബന്ധമാണു് ആ വില്ലേജും മെമ്പരും തമ്മിലുള്ളതു്?

മിസ്റ്റർ ഐ. രാമൻമേനോൻ.—പഞ്ചായത്തുറൂൾസ്സ് പ്രകാരം വേണ്ട ബന്ധങ്ങളെല്ലാമുണ്ടു്.

The construction of a fishing bund in Poyya Village.

520. Mr. I. E. Ambooken.—Will the Government be pleased to state whether a new chira or the assignment of any portion of the Survey No. 978 for the construction of a chira for fishing has been allowed by the Government recently; if the answer is in the affirmative, will they be pleased to state whether they have made all the necessary enquiries regarding the advisability of such an assignment and the difficulties that may arise to the public; will the Government be pleased to place on the Table all the papers that passed in the several offices of the Government regarding this assignment; if they

LIBRARY ARCHIVES Kerala Legislative Assembly